**File No.DDEEKM/7325/2022-A1**

നം:DDEEKM/7325/2022-A1

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം
എറണാകുളം, തീയതി : **04/06/2022**

**<u>പരിപത്രം</u>**

വിഷയം:- പൊ.വി.-ജീവനം-2022-23 അദ്ധ്യയന വർഷത്തെ ഭാഷ /ഭാഷേതര അധ്യാപക തസ്തികയിലെ സ്ഥാനക്കയറ്റം -അപേക്ഷകൾ ക്ഷണിക്കുന്നത് സംബന്ധിച്ച് :-

സൂചന :- 1. സർക്കാർ ഉത്തരവ് നം.എം.എസ്. 72/1982/പൊ.വി.

*******************

2022-23 അദ്ധ്യയന വർഷത്തെ ഹൈസ്കൂൾ ഭാഷ /ഭാഷേതര അധ്യാപക തസ്തികകളിലേക്ക് സ്ഥാനക്കയറ്റത്തിനായി നിശ്ചിത യോഗ്യതയുള്ള പ്രൈമറി അദ്ധ്യാപകരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു . അപേക്ഷയുടെ മാതൃക ഇതിനോട് അനുബന്ധമായി ചേർത്തിരിക്കുന്നു.

<u>2021-22 അദ്ധ്യയന വർഷത്തെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരും ഇപ്പോൾ അപേക്ഷ സമർപ്പിക്കേണ്ടതാണ് .</u>

സ്ഥാനക്കയറ്റത്തിനായി അപേക്ഷിക്കുന്ന തസ്തികയുടെ പേര് ചുവന്ന മഷിയിൽ അപേക്ഷയുടെ മുകളിലായി രേഖപ്പെടുത്തേണ്ടതാണ് . ബന്ധപ്പെട്ട പ്രധാനാധ്യാപകർ പൂരിപ്പിച്ച അപേക്ഷകൾ സർവ്വീസ് ബുക്കുമായി ഒത്തുനോക്കി സാക്ഷ്യപ്പെടുത്തേണ്ടതാണ് . അപേക്ഷകൾ ബന്ധപ്പെട്ട പ്രധാന അധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖാന്തിരം തസ്തിക തിരിച്ച് **<u>30/06/22</u>** ന മുൻപായി ഈ ഓഫീസിൽ എത്തിക്കേണ്ടതാണ്.

വിവിധ തസ്തികകളിലെ സ്ഥാനക്കയറ്റത്തിനായി തയ്യാറാക്കുന്ന താൽക്കാലിക സീനിയോറിറ്റി ലിസ്റ്റ് **<u>30/07/22</u>** നകം ഈ ഓഫീസിൽ / വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. ബന്ധപ്പെട്ട അധ്യാപകർ ടി സീനിയോറിറ്റി ലിസ്റ്റ് നിർബന്ധമായും പരിശോധിക്കുകയും പരാതിയുള്ള പക്ഷം **<u>15/08/22</u>** ന മുൻപായി ഈ ഓഫീസിൽ രേഖാമൂലം നൽകേണ്ടതുമാണ് . ലിസ്റ്റ് അന്തിമമാക്കിയതിനു ശേഷം ലഭിക്കുന്ന പരാതികൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല

Signature valid
Digitally signed by Honey G Alexander
Date: 2022.06.04 13:04:51 IST
Reason: Approved

വിദ്യാഭ്യാസ ഉപഡയറക്ടർ
എറണാകുളം